## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3448** **11.12.2018 ൽ മറുപടിയ്ക്ക്**

### കേരഗ്രാമം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം ജില്ലയിലെ കരവാരം, തിരുവല്ലം, ഉഴമലയ്ക്കൽ എന്നിവിടങ്ങളിലാണ് 2018-19 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | ബി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ്കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടിൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ,, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനു പുറമെ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.<br><br>ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് |

നടപ്പിലാക്കാവുന്നതാണ്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ- 35 രൂപ/ തെങ്ങ്

b) തൊണ്ട് കുഴിച്ചിടീൽ- 50 രൂപ/ തെങ്ങ്

c) കുമ്മായം- 9 രൂപ/ തെങ്ങ്

d) രാസവളം- 20 രൂപ/ തെങ്ങ്

e) മഗ്നീഷ്യം സൾഫേറ്റ്- 3.75 രൂപ/ തെങ്ങ്

f) ജൈവവളം- 25 രൂപ/ തെങ്ങ്

g) സസ്യസംരക്ഷണം- 10 രൂപ/ തെങ്ങ്

h) ജീവാണു വളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന്- 75 രൂപ/ തെങ്ങ്

i) രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/ തെങ്ങ്

j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന്- 60 രൂപ/ തെങ്ങ്

k) ഇടവിളകൃഷി- 6000 രൂപ/ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ- ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000/- രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

Maya P

**സെക്ഷൻ ഓഫീസർ**